**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2604** **27-02-2023 - ൽ മറുപടിയ്ക്ക്**

**അന്തർസംസ്ഥാന സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എ. രാജ,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | അന്തർസംസ്ഥാന സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് താഴെ പറയുന്ന മൂന്ന് അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br>1. New National Muiti State Seed Society- ഗുണമേന്മയുള്ള വിത്തുകളുടെ ഉൽപ്പാദനം, സംഭരണം, സംസ്കരണം, ബ്രാൻഡിംഗ്, മാർക്കറ്റിംഗ്, വിതരണം എന്നിവയ്ക്കായുള്ള അന്തർ സംസ്ഥാന സഹകരണ സംഘം.<br>2. New National Multi State Organic Society - ജൈവ ഉൽപ്പന്നങ്ങൾക്കായുള്ള അന്തർ സംസ്ഥാന സഹകരണ സംഘം.<br>3. New National Multi State Export Society - സഹകരണ മേഖലയിൽ നിന്നുള്ള കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അന്തർ സംസ്ഥാന സഹകരണ സംഘം. |
| (ബി) | സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. സംഘങ്ങളുടെ കരുതൽ ധനവും, അഗ്രിക്കൾച്ചറൽ ക്രെഡിറ്റ്, സ്റ്റെബിലൈസേഷൻ ഫണ്ട്, ഗവൺമെന്റ് സഹായം എന്നിവ ഉപയോഗിച്ച്, സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സഹകരണ നിക്ഷേപ പ്രോത്സാഹന പുനരുദ്ധാരണ നിധി പദ്ധതി നടപ്പിലാക്കുന്നതാണ്. |

2. സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു.
3. സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ പ്രതിമാസ നിക്ഷേപ പദ്ധതികൾക്ക് ഒരു ഏകീകൃത അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
4. സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
5. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ സഹകരണ വിജിലൻസ്, സഹകരണ ആഡിറ്റ് എന്നീ വിഷയങ്ങളിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും, സഹകരണ രംഗത്ത് ഉയർന്നു വരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും സമഗ്ര നിയമഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
6. കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനും 2022-2023 സാമ്പത്തിക വർഷം മുതൽ ഒരു പുതിയ സംരംഭമായ “സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി” ആരംഭിച്ചിരിക്കുന്നു. ടി പദ്ധതിയ്ക്കായി 2250 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം (വീട്ടു പടിക്കൽ ശേഖരണം), സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക

| | | | |
|---|---|---|---|
| | | | വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.<br>7. കേരള ബാങ്കിലെ എല്ലാ ബ്രാഞ്ചുകളുടെയും പ്രവർത്തനത്തെ കോർത്തിണക്കി സമ്പൂർണ്ണ സി.ബി. .എസ് സിസ്റ്റം നടപ്പിലാക്കി. എല്ലാ സേവനങ്ങളും ഓൺലൈനായി ഇടപാടുകാർക്ക് ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ച് വരുന്നു.<br>8. സഹകരണ മേഖലയിലെ തെരഞ്ഞെടുത്ത ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾ, ഒറ്റ ബ്രാൻഡിന് കീഴിലാക്കി പൊതുട്രേഡ് മാർക്കോടെ ഇ- കോമേഴ്സ് പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് വരുന്നു.<br>9. സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും, വിൽപ്പന നടത്തുന്നതിനും, അവരുടെ ബിസിനസ് പ്രൊമോട്ട് ചെയ്യുന്നതിനുമുള്ള വേദിയൊരുക്കുന്നതിനായി സഹകരണ എക്സ്പോ – എല്ലാ വർഷവും ഏറ്റെടുത്ത് നടത്തുന്നു.<br>10. സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സംഘങ്ങൾക്ക് സഹായ ധനം അനുവദിച്ച് വരുന്നു.<br>11. ചെറുകിട വഴിയോര കച്ചവടക്കാർ, ചെറു സംരംഭകർ എന്നിവർക്കായി വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ച് വരുന്നു.<br>12. വ്യക്തികൾക്ക് സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി നിലയങ്ങൾ ആരംഭിക്കുന്നതിനായി വായ്പകൾ നൽകുന്ന പദ്ധതി ആവിഷ്കരിച്ച് വരുന്നു.<br>13. തൊഴിൽ അന്വേഷകർക്കും, നൈപുണ്യ വികസനത്തിൽ പരിശീലനം തേടുന്ന വിദ്യാർത്ഥികൾക്കും, യുവജനങ്ങൾക്കും സ്കിൽ ലോൺ അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ച് വരുന്നു. |
| (സി) | അന്തർസംസ്ഥാന സഹകരണ സംഘങ്ങൾ രൂപീകരിക്കുവാനുള്ള കേന്ദ്ര തീരുമാനം തിരുത്തുവാനാവശ്യമായ സമ്മർദം ചെലുത്തുവാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കുമോ? | (സി) | മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിസ് ആക്ട് പാസാക്കിയത് കേന്ദ്ര സർക്കാർ ആണ്. ഇത്തരം സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കുന്നതിനും, വായ്പ നൽകുന്നതിനും, പലിശ നിശ്ചയിക്കുന്നതിനും വ്യക്തമായ മാനദണ്ഡങ്ങളോ നിയന്ത്രണങ്ങളോ ഇല്ല. ഇത്തരം സംഘങ്ങൾ സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതും, |

| | | | |
|---|---|---|---|
| | | | സഹകരണ മേഖലയുടെ വിശ്വാസ്യതയെ തന്നെ തകർക്കുന്നതുമാണ്.<br><br>രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, ഡയറി സംഘങ്ങൾ, മത്സ്യ സംഘങ്ങൾ എന്നിവയുടെ അടിസ്ഥാന വിവരങ്ങൾ കേന്ദ്രം സംസ്ഥാനങ്ങളിൽ നിന്നും ശേഖരിക്കുകയും പ്രസ്തുത വിവരങ്ങൾ ഉയോഗപ്പെടുത്തി രാജ്യത്തെ വിവിധ പ്രദേശങ്ങളിൽ കേന്ദ്ര നിയമപ്രകാരം മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുമാണ് കേന്ദ്രസർക്കാർ ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത് എന്നാണ് മനസ്സിലാക്കുന്നത്.<br><br>ഡാറ്റാ ബേസിലെ വിവരങ്ങൾ ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ സംഘങ്ങളുടെ മേൽ നേരിട്ട് നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനാണ് കേന്ദ്രം നീക്കം നടത്തുന്നത്. ഇതിനെതിരെ നിയമപരവും ,ഔദ്യോഗികപരവുമായ പ്രതിരോധം സംഘടിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ